SHRI O. R. CHUMMAR: Is there not a rule that when the pay of an officer is revised, it should be fixed at the next stage of the scale?

SHRI PANAMPILLI GOVINDA MENON: That is the rule.

SHRI O. R. CHUMMAR: According to that rule when the pay of the officer is revised in the scale of 450 to 750, his pay should naturally be at Rs. 500/. Is it not so?

SHRI PANAMPILLI GOVINDA MENON: Yes. By mistake that rule might not have been applied.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഈ സപ്ലിമെൻററി ഗ്രാൻറിനെപ്പററി ശ്രീ. ആലപ്പുഴ മെംബറും ആലുവാ മെംബറും സെയിൽസ് ടാക്സ് നിയമത്തിൽ വന്നുകൂടിയിട്ടുള്ള ചില പോരായ്മകളേയും കെടുതികളേയുംപ്പററി സംസാരിക്കുകയുണ്ടായി. ഉദ്യോഗസ്ഥന്മാരുടെ ശമ്പളവും അലവൻസും സംബന്ധിച്ച് സപ്ലിമെൻററി ഗ്രാൻറ് കൊണ്ടുവരുമ്പോൾ നിയമത്തിൽ ഉണ്ടായിട്ടുള്ള വ്യതിയാനങ്ങളെ സംബന്ധിച്ച് സംസാരിക്കുകയാണ് ചെയ്തത്. നിയമനിർമ്മാണത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട മെംബറന്മാരുടെ വാദഗതിക്ക് ഒരു മറുപടി പറയണമെന്ന് ഞാൻ വിചാരിക്കുന്നില്ല. സർ, ഈ ഡിമാൻറ് പാസ്സാക്കിത്തരണമെന്ന അപേക്ഷിക്കുന്നു.

The question that a supplementary sum not exceeding Rs 42,200 be granted under Demand I--13. Other Taxes and Duties was put and carried.

The Grant was made.

Demand II—7 Land Revenue.

Home Minister (SHRI A. J. JOHN): sir, I rise to move for a supplementary grant of Rs. 1,94,000 under Demand II-7 Land Revenue. The amount is comprised of items 4, 5, 6, 7, 8, 9, 10 and 12 in the schedule of supplementary demands 1955—1956.

Chief Minister (SHRI PANAMPILLI GOVINDA MENON) : I second it.

ശ്രീ. എ. ജെ ജോൺ : കൊച്ചിയിൽ ബേസിക് ടാക്സ് നടപ്പിൽ വരുത്തുന്നതു സംബന്ധിച്ച് കൊമേഴ്സ്യൽ ടെക്നിക്കൽ സ്റ്റാഫിനെ നിയമിച്ചിട്ടുണ്ട്. അതായത് 273 വില്ലേജ് അസിസ്റ്റൻറന്മാരേയും 1 ക്ലാർക്കിനേയും നിയമിച്ചിരിക്കുകയാണ്. അവരെ നിയമിച്ച് ഓർഡർ പാസ്സാക്കിയതു 1955 ആഗസ്റ്റ് 9-ാംനു- തീയതിയാണ്. എങ്കിലും അവർ ചാർജ്ജ് എടുത്തിട്ടുള്ളതു 1955 ആഗസ്റ്റ് 15-ാംനു- തീയതിയാണ്. ഇതിനു പ്രാബല്യം കൊടുക്കുന്നതിനും കൂടുതലായി വന്നിട്ടുള്ള ഈ തുക ചെലവാക്കുന്നതിനും സാധിച്ചിട്ടില്ലായിരുന്നു. ഈ സ്റ്റാഫിൻെറ ശമ്പളത്തിനും അലവൻസിനുമായി

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എ. ജെ. ജാൺ]

സപ്ലിമെൻററി ഗ്രാൻറുമൂലം അപേക്ഷിക്കുന്നതു് 60300രൂപയാണു്. ഈ തുകയും ഇതുകൂടാതെ 5–ാംനമ്പരിൽ ആവശ്യപ്പെടുന്നതു് കൂടുതലായി, 38000 രൂപയുമാണു്. സംസ്ഥാനത്തുള്ള ലാൻഡു ഹോൾഡിംഗ്സിൻെറ സെൻസസ്സു് എടുക്കാൻ നിയമിച്ചിട്ടുള്ള ഉദ്യോഗസ്ഥന്മാർക്കു് ശമ്പളം അലവൻസു് എന്നീ ഇനങ്ങളിൽ കൊടുക്കാനുള്ള തുകയാണു് ഇതു്. ഇതുകൂടാതെ നമ്പർ 6–ൽ 20000 രൂപ ആവശ്യപ്പെടുന്നതു് റവന്യൂ റിക്കവറി ആക്ടു് അനുസരിച്ചു് കരക്കുടിശ്ശിക പിരിക്കുന്നതിനുവേണ്ടി 36 വില്ലേജാഫീസറന്മാരേയും 72 വില്ലേജസിസ്റ്റൻറന്മാരേയും ടെമ്പററിയായി നിയമിച്ചിരിക്കുന്നതുകൊണ്ടു് അവരുടെ ശമ്പളം അലവൻസു് മുതലായവയ്ക്കു വേണ്ടിയാണു്. ആ സ്റ്റാഫിൻെറ കാലാവധി അടുത്ത ബഡ്ജറ്റു് വർഷമായ 1955–1956 വരെ ആവശ്യമായിത്തീർന്നിരിക്കുകയാണു്. അതുകൊണ്ടു് അവരുടെ ശമ്പളം അലവൻസു് എന്നീ ഇനങ്ങൾക്കു വേണ്ടി 20000 രൂപയ്ക്കു പുറമെ നമ്പർ 7-ൽ ഞാൻ ആവശ്യപ്പെടുന്നതു് 10,000 രൂപയാണു്. കോട്ടയം മുതലായ സ്ഥലങ്ങളിൽ പുതിയ കെട്ടിടത്തിൻെറ വാടകയ്ക്കുവേണ്ടി ഗവണ്മെൻറിൽനിന്നും കൊടുക്കാനുള്ള തുകയാണു് ഇതു്. ഈ തുകയും മാററിവയ്ക്കുന്നതാക്കുന്നതല്ല. ഇതോടുകൂടി അടുത്തതായി ഞാൻ അപേക്ഷിക്കുന്നതു് 5000 രൂപ കൂടി അനുവദിക്കുന്നതിലേയ്ക്കാണു്. സർവ്വെ ഡിപ്പാർട്ടുമെൻറിൽനിന്നും കുറെ സർവ്വേയന്മാരെ കഴിഞ്ഞവർഷം ഫോറസ്റ്റു് ഡിപ്പാർട്ടുമെൻറിലേയ്ക്കു് അയയ്ക്കേണ്ടിവന്നു. ഇക്കൊല്ലം അവരെല്ലാം തിരിയെ വന്നുകഴിഞ്ഞു. അവരുടെ ശമ്പളം അലവൻസു് മുതലായവ കൊടുക്കുന്നതിലേക്കുവേണ്ടിയാണു് ഈ തുക ആവശ്യപ്പെട്ടിരിക്കുന്നതു്. 9-ാമതു നമ്പരിൽ പറഞ്ഞിരിക്കുന്ന 25,000 രൂപ, സർവ്വെസംബന്ധിച്ചു് 20 തിയോഡലൈററു് instruments കൂടുതലായി വാങ്ങുന്നതിനു വേണ്ടിയാണു് ആവശ്യപ്പെട്ടിരിക്കുന്നതു്. അതുകൊണ്ടു് ഈ തുകകളും, 10-ാമതു് നമ്പരിൽ ആവശ്യപ്പെട്ടിരിക്കുന്ന 12,000 രൂപയും അനുവദിക്കുമെന്നു് അപേക്ഷിക്കുന്നു. – അതു് സർവ്വെഡിപ്പാർട്ടുമെൻറിൽ നിയമിച്ചിരിക്കുന്ന ചെയിൻമാൻ ജോലിക്കാർക്കു് ശമ്പളപരിഷ്ക്കാരമനുസരിച്ചു് 20 രൂപയിൽനിന്നും 25-1-30 ആയി വർദ്ധിപ്പിച്ചതുകൊണ്ടു് വന്നിട്ടുള്ള കൂടുതൽ തുകയാണു്. 12-ാമതു നമ്പരിൽ പറഞ്ഞിരിക്കുന്ന 4,300 രൂപ കൊച്ചിയിൽ ബോസിക് ടാക്സു് ഏർപ്പെടുത്തിയതു് സംബന്ധിച്ചു് നിയമിക്കപ്പെട്ട 6 സൂപ്രവൈസറന്മാരുടെ ആറു മാസത്തെ ശമ്പളം അലവൻസു് ഈ ഇനങ്ങൾക്കുവേണ്ടിയാണു്. അങ്ങിനെ 1,94,000 രൂപയുടെ സപ്ലിമെൻററി ഗ്രാൻറാണു് ഞാനിവിടെ അവതരിപ്പിക്കുന്നതു്. ഈ തുക സഭ പാസ്സാക്കിത്തരുമെന്നു് അപേക്ഷിക്കുന്നു. ഇതിൽ 11-ാമതു നമ്പർ വിട്ടിരിക്കുകയാണു്. അതു് ഇപ്പോൾ മൂവ് ചെയ്യണമെന്നു പ്രത്യേകം പറയുന്നില്ല.

ശ്രീ. എ. താണുപിള്ള : 11-ാമതു ഐററം മൂവ് ചെയ്യുന്നില്ലെന്നു പറയുകയാണോ? റിസർവ്വ് വക്കു് വേണ്ടെന്നു വച്ചിരിക്കുകയാണോ?

ശ്രീ. എ. ജെ. ജാൺ : അങ്ങിനെയല്ല. അടുത്ത ബഡ്ജറ്റിൽ അതിലേയ്ക്കു് ആവശ്യമായ തുക ചേർത്താൽ മതിയെന്നുള്ള ഉദ്ദേശം കൊണ്ടാണു് ഇപ്പോൾ മൂവ് ചെയ്യാത്തതു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. താണുപിള്ള : ഐറ്റം നമ്പർ. 5-ൽ 46,000 രൂപ 22-1-1955- അനുവദിച്ചിട്ടും 2,500 രൂപയാണ് ബഡ്ജറ്റിൽകൊ ച്ചത്. അങ്ങിനെയിരിക്കേ ഇപ്പോൾ 38,000 രൂപ സപ്ലിമെൻറി ഗ്രാൻറായി കൊണ്ടുവന്നിരിക്കുകയാണ്. ആദ്യം അനുവദിച്ച തുകയിൽ നിന്നും കുറച്ചു ബഡ്ജറ്റിൽ ചേർക്കാനുള്ള കാരണം എന്താണ് ?

ശ്രീ. എ. ജെ. ജാൺ: അതുകൂടി ചേർത്തിട്ടുണ്ടായിരുന്നതു്. അതുകൊ 38,000 രൂപ ഉണ്ടെങ്കിൽ മാത്രമെ കൊടുത്തുതീർക്കാൻ സാധിക്കുകയുള്ളൂ.

ശ്രീ എ. താണുപിള്ള: ഞാൻ ചോദിച്ചതു് 2500 രൂപ മാത്രം ബഡ്ജറ്റിൽ ഉൾപ്പെടുത്താൻ കാരണമെന്തുകൊണ്ടാണെന്നാണ് ?

ശ്രീ. എ. ജെ. ജാൺ: അതിൽ അല്പം പിശകുപറ്റി.

ശ്രീ. എ. സി. ചാക്കോ: ഈ 237 വില്ലേജ് അസിസ്റ്റൻറ്സ്, സ്ഥിരം വില്ലേജ് അസിസ്റ്റൻറ്സിൻെറ ശമ്പളം കൊടുക്കുന്നതാണോ ?

ശ്രീ. എ. ജെ. ജാൺ: ഉണ്ടു്.

ശ്രീ. എ. സി. ചാക്കോ: ഇവരെ താൽക്കാലികമായി നിയമിച്ചിരിക്കുകയാണോ ?

ശ്രീ. എ. ജെ. ജാൺ: അവരെ മൂന്നു മാസത്തേക്കു നിയമിച്ചിരിക്കുകയാണു്. പക്ഷെ അതുകൊണ്ടും ജോലി തീരുമെന്നു തോന്നുന്നില്ല. ഒരു പക്ഷെ വേണ്ടിവന്നാൽ ആറുമാസമായി വർദ്ധിപ്പിക്കാൻ ആലോചനയുണ്ടു്.

ശ്രീ. കെ. എ. ശിവരാമഭാരതി : ഈ 273 പേരെ കൂട്ടമായി നിയമിക്കുന്നതിനുള്ള ആവശ്യം എന്താണ് ?

ശ്രീ. എ. ജെ. ജാൺ : ഓരോ വില്ലേജിൻെറയും വിസ്തീർണ്ണം, ജനസംഖ്യ ഓരോരുത്തരും അടയ്ക്കേണ്ട തുക ഇവയൊക്കെ ചേർത്തു് ഒരു രജിസ്റ്റർ തയ്യാറാക്കേണ്ടതുണ്ടു്. ഇതെല്ലാം ഇപ്പോൾ ഉള്ള ആളുകളെക്കൊണ്ടു് ചെയ്യിക്കുവാൻ സാധിക്കുന്നതല്ല. അതിനാണു് ഇവരെ കൂട്ടമായി നിയമിച്ചിരിക്കുന്നതു്.

ശ്രീ. കെ. എ. ശിവരാമഭാരതി : കൂടുതൽ ആളുകളെ നിയമിക്കേണ്ട ആവശ്യമില്ലെന്നും അങ്ങനെ ആവശ്യം ഇല്ലാത്തതുകൊണ്ടാണു് ഇതിനു മുൻപു് നിയമിക്കാതിരുന്നതു് എന്നും അറിയാമോ ?

ശ്രീ. എ. ജെ. ജാൺ : അതു ഞാൻ സമ്മതിക്കാൻ തയ്യാറല്ല. കൊച്ചിയിലെ മഹസൂൽ മന്ത്രിമാരെയും കളക്ടരേയും വിളിച്ചുകൂട്ടി ആലോചിച്ചതിനു ശേഷമാണു് ഇതു് സാംക്ഷൻ ചെയ്തതു്.

ശ്രീ. പി. വിശ്വംഭരൻ : ഐറ്റം ആറിനെ സംബന്ധിച്ചു് ഒന്നു പറയാനുണ്ടു്. റവന്യൂ റിക്കവറി ആക്ടു് അനുസരിച്ചുള്ള കുടിശ്ശിക പിരിക്കുന്നതിനു് കൂടുതലായി നിയമിച്ച 273 പേരുടെ കാലാവധി വർഷം അവസാനിക്കുന്നതുവരെ ദീർഘിപ്പിക്കുന്നതിനു വേണ്ടിയുള്ളതാണു് ഈ ധനാഭ്യർത്ഥന. ഈ ഉദ്യോഗസ്ഥന്മാർ എന്തു ജോലി ചെയ്യുന്നു എന്തുമാത്രം കുടിശ്ശിക പിരിച്ചു എന്നും ഈ സഭയ്ക്കു് അറിയേണ്ടതു

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. വിശ്വംഭരൻ]

അത്യാവശ്യമാണ്. ഉദ്യോഗസ്ഥന്മാരുടെ കാലാവധി നീട്ടിക്കൊടുക്കണമോ വേണ്ടയോ എന്നു തീരുമാനിക്കണമെങ്കിൽ എന്തു കുടിശ്ശികയാണ് അവർ പിരിച്ചിട്ടുള്ളതെന്നു ഈ സഭയ്ക്കു അറിയേണ്ടതുണ്ട്.

ശ്രീ. എ. ജെ. ജാൺ: അതു വേണമെങ്കിൽ ഇപ്പോൾതന്നെ പറഞ്ഞേക്കാം. അവർ ഇതുവരെ 510000 രൂപാ പിരിച്ചിട്ടുണ്ട്. പക്ഷെ പിരിക്കുന്നതിൽ അവർ വലിയ ഉൗർജ്ജിതം കാണിച്ചിട്ടുള്ളതായി കാണുന്നില്ല. അവർ ഉൗർജ്ജിതമായി ജോലി ചെയ്യണമെന്നും രണ്ടായിരത്തിൽ തീരുക്കൽ തുക പിരിഞ്ഞിട്ടുള്ളതിനെയും മറ്റും പറഞ്ഞു റിപ്പോർട്ട് ചെയ്യണമെന്നും മറ്റും കാണിച്ചു് കർശനമായ നിർദ്ദേശം കൊടുത്തിട്ടുണ്ട്.

ശ്രീ. പി. എസ്സ്. നടരാജപിള്ള: ഇനിയും എന്തു തുക പിരിയാനുണ്ടു്?

ശ്രീ. എ. ജെ. ജാൺ: ഒരുകോടി രൂപയിൽ കൂടുതൽ ഉണ്ടു്.

ശ്രീ. പി. വിശ്വംഭരൻ: അതുപോലെതന്നെ കുടിശ്ശികസംഖ്യയെപ്പറ്റിയുള്ള സ്ഥിതിവിവരക്കണക്കും കഴിഞ്ഞവർഷം ശേഖരിച്ച അവസരത്തിൽ മനസ്സിലായതു് ഇന്നത്തെ മുഖ്യമന്ത്രിയുടെ നിയോജകമണ്ഡലമായ ഉൾപ്പെട്ട മുകുന്ദപുരം താലൂക്കിലാണു് കൂടുതൽ കുടിശ്ശിക പിരിയാനും അതിനാണു്. അവിടെ എന്തു മാത്രം പിരിച്ചിട്ടുണ്ടു് എന്നും മറ്റും അറിഞ്ഞാൽ കൊള്ളാം.

ശ്രീ. എ. ജെ. ജാൺ: മുഖ്യമന്ത്രിയുടെ നിയോജകമണ്ഡലത്തിൽവച്ചു് ആരും നികുതി കൊടുക്കരുതെന്നു മുഖ്യമന്ത്രി പറഞ്ഞതായി അറിവില്ല. ഇതു് അങ്ങനെ ബന്ധിപ്പിച്ചതിൽ ഖേദം ഉണ്ടു്.

ശ്രീ. ഡി. വിവേകാനന്ദൻ: സർ, ഞാൻ ഈ ഡിമാൻറിനെ എതിർക്കുന്നു. കൊച്ചി പ്രദേശത്തു് അടിസ്ഥാനനികുതി സംബന്ധമായ ജോലികൾ ചെയ്യുന്നതിനുവേണ്ടി 273 വില്ലേജ് അസിസ്റ്റൻറന്മാരെ നിയമിച്ചിട്ടുണ്ടു്. ഈ 273 പേരും തിരുവിതാംകൂർ പ്രദേശത്തു് മുമ്പു് സർവ്വീസിൽ ഉണ്ടായിരുന്നവരായിരുന്നു. അവരെ പിരിച്ചുവിട്ടിരിക്കുകയായിരുന്നു. ഇപ്പോൾ ഇവരെ നിയമിച്ചിരിക്കുന്നതു് മൂന്നു മാസക്കാലത്തേയ്ക്കാണു്. സാധാരണ ഗതിയിൽ ഈ ജോലി മൂന്നു മാസത്തിനകം തീർത്തില്ലെങ്കിൽ കാലാവധി വർദ്ധിപ്പിച്ചുകൊടുക്കുമെന്നു് പറയുന്നു. എതായാലും ഈ 273 വില്ലേജ് അസിസ്റ്റൻറന്മാരെ പിരിച്ചയക്കുമ്പോൾ വീണ്ടും അവർക്കു ജോലി ഉണ്ടാക്കിക്കൊടുക്കാനുള്ള സൗകര്യത ഉണ്ടോ എന്നു ആരായേണ്ട ചുമതല ഗവണ്മെൻറിനുണ്ടു്. ഡെപ്യൂട്ടി സെയിൽസ്ടാക്സ് കമ്മീഷണരുടെ കാര്യം ഇവിടെ ചർച്ചയ്ക്കു വന്നപ്പോൾ ആ ഉദ്യോഗസ്ഥനു പെൻഷൻ കൊടുത്തയച്ചതിനു ശേഷം പിന്നെയും നിയമിക്കുന്നില്ലെന്നു കൂടുതൽ ആനുകൂല്യം ചെയ്തുകൊടുക്കുന്നതിനും താല്പര്യം കാണുന്നില്ലെന്നും ഗവണ്മെൻറ് ഈ 273 പാവപ്പെട്ട വില്ലേജ് അസിസ്റ്റൻറന്മാരെക്കൊണ്ടു് ഡിച്ചിടത്തോളം അവരുടെ ജീവിതത്തെ സാരമായി ബാധിക്കുന്നതിൽ അവരെ വെറും യ്യോടെ, നിരാധാരരായി പിരിച്ചയക്കാതെ കാര്യം ഔദാര്യപൂർവ്വം പര്യാലോചിക്കേണ്ടതാണു്. ഈ ജോലി കഴിഞ്ഞാൽ തന്നെയും ഈ സഭ ഇത്രവണ പാസ്സാക്കുമെന്നു പ്രതീക്ഷിക്കുന്നു കാരണം ടെനൻസി ബിൽ അനുസരിച്ചു കൊച്ചിൻ പ്രദേ

LIBRARY ARCHIVES Kerala Legislative Assembly

ഇന്നിക്കരം സൊറിൽമെൻറ് ജോലികൾക്കായി ഇവരെത്തന്നെ വീണ്ടും നിയമിക്കുന്നതിനു ആവശ്യമുള്ള നടപടി എടുക്കണമെന്നു ഒരു നിർദ്ദേശം ഞാൻ വയ്ക്കുന്നു. ഈ ചെറുകിടക്കാരോടു കാരുണ്യം കാണിക്കാൻ മറന്നുപോകരുതെന്നു അഭ്യർത്ഥിച്ചുകൊണ്ടു് ഞാനവസാനിപ്പിക്കുന്നു.

ശ്രീ. എ. ജെ. ജോൺ : ശ്രീ. വിവേകാനന്ദന്റെ അഭിപ്രായം പോലെ ഇങ്ങനെ പിരിച്ചുവിടുന്ന ആളുകൾക്കു് വീണ്ടും ജോലി കൊടുക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി തന്നെയാണു് അവരെ നിയമിച്ചിട്ടുള്ളതു്. വേറെ എന്തെങ്കിലും ജോലി അവർക്കു് കൊടുക്കാൻ സാധിക്കുമെങ്കിൽ അതു അവർക്കു് നൽകുന്നതാണു്. ഇത്രമാത്രമേ എനിക്കു് ഇതു സംബന്ധിച്ചു പറയുവാനുള്ളൂ.

The question that a supplementary sum not exceeding Rs. 1,94,000 be granted under Demand II—7—Land Revenue was put and carried.

The grant was made.

Demand III—8—State Excise Duties.

Minister for Health (SHRI A. A. RAHIM): Sir, I move for a supplementary grant of Rs. 1, 78, 700 under Demand III-8- State Excise Duties.

Home Minister (SHRI A. J. JOHN): I second it.

ശ്രീ. എ. എ. റഹിം : എക്സൈസു് ഡിപ്പാർട്ടുമെൻറിൽ മദ്യനിരോധനമേഖലയിൽ ഫ്ളൈയിംഗ് സ്ക്വാഡിനെ ഏർപ്പെടുത്തേണ്ട ആവശ്യത്തിനും, വാഹനങ്ങൾക്കും, യൂണിഫാറം ഇവ വകയിൽ കൂടുതലായി വന്നിട്ടുള്ള ചെലവുകൾക്കും മറ്റും ഉള്ള തുകയാണു് ഇതിൽ ചേർത്തിരിക്കുന്നതു്. ഇതു് പാസ്സാക്കിത്തരണമെന്നു് അപേക്ഷിക്കുന്നു.

ശ്രീ. പി. എസ്സു് നടരാജപിള്ള : ഇപ്പോൾ എക്സൈസു് ഡിപ്പാർട്ടുമെൻറിൽ ആഫീസേഴ്സിനു് ഇൻക്രീസു് കൊടുത്തിട്ടില്ലേ?

ശ്രീ. എ. എ. റഹിം : ആയിനത്തിൽ കൂടുതൽ ചെലവു വരികയില്ല.

ശ്രീ. പി. എസ്സു്. നടരാജപിള്ള : കൂടുതൽ ഉദ്യോഗസ്ഥന്മാരെ നിയമിച്ചിട്ടില്ലേ?

ശ്രീ. എ. എ. റഹിം : ആ ഇനത്തിലും കൂടുതൽ ചെലവില്ല.

ശ്രീ. പി. എസ്സു്. നടരാജപിള്ള : ഹയർ ഗ്രേഡിൽ കൂടുതൽ ആളുകളെ നിയമിച്ചിട്ടുണ്ടോ ?

ശ്രീ. എ. എ. റഹിം : ഒരു ഡെപ്യൂട്ടി കമ്മീഷണരെ നിയമിച്ചിട്ടുണ്ടു്.

ശ്രീ. സി. എ. മാത്യു : കൊട്ടാരക്കരത്താലൂക്കിൽ പ്രൊഹിബിഷൻ ഏർപ്പെടുത്തിയപ്പോൾ അവിടെ എക്സൈസു് ഉദ്യോഗസ്ഥന്മാർ കുറയേണ്ടതാണു്. അതിനു പകരം കൂടുകയാണു് ചെയ്തിട്ടുള്ളതു്. ഇതിന്റെ കാരണമെന്താണു് ?

LIBRARY ARCHIVES Kerala Legislative Assembly